തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുന്നണികളുടെ വിവരം

170(462) ശ്രീ. സി. റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഓരോ സ്ഥാപനത്തിലും അധികാരത്തിൽ വന്ന പാർട്ടിയും, മുന്നണിയും ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ 2005-2010 കാലയളവിൽ ഏതൊക്കെ പാർട്ടിയാണ് അധികാരത്തിലുണ്ടായിരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2010-ലെ പൊതുതെരഞ്ഞെടുപ്പിനെത്തുടർന്ന്, സംസ്ഥാനത്ത് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും അധികാരത്തിൽവന്ന പാർട്ടിയും മുന്നണിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

തെരുവുനായ്ക്കളെ നശിപ്പിക്കാൻ നടപടി

171(463) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ആലപ്പുഴ നഗരസഭയുടെ പരിധിക്കുള്ളിൽ തെരുവുനായ്ക്കളെ ഇല്ലായ്മ ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ ഏറ്റവും കൂടുതൽ തെരുവുനായ്ക്കളുള്ളത് ആലപ്പുഴ ജില്ലയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു ശാശ്വത പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീംകോടതി അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ഫയൽ ചെയ്ത SLP(C) No. 691/2009-ാം നമ്പർ കേസിൽ തടഞ്ഞിരിക്കുകയാണ്. മൃഗങ്ങളോടുള്ള ക്രൂരതയും നായ്ക്കളെ കൊല്ലുന്നതും Prevention of Cruelty to Animal Act 1982 പ്രകാരവും ഭരണഘടന അനുസരിച്ചും ശിക്ഷാർഹമായ കുറ്റങ്ങളാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയുടെ പ്രജനനം തടയുന്നതിന് വന്ധ്യംകരണവും പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുന്നതും ആലപ്പുഴ നഗരസഭ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫെയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കണ്ട്രോൾ/ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. പ്രോഗ്രാമിന്. ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽവരുത്തുവാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല. എങ്കിലും നായ്ക്കൾ പെറ്റുപെരുകുന്നത് ആശങ്കയുള്ള വിഷയം തന്നെയാണ്. ഇതിനെതിരെ ആലപ്പുഴ നഗരസഭ ഫലപ്രദമായ നടപടി സ്വീകരിച്ചുവരികയാണ്.

പേപ്പട്ടി ശല്യവും തെരുവുനായ്ക്കളുടെ ഉപദ്രവവും തടയുന്നതിന് നടപടി

172(484) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേപ്പട്ടിശല്യവും തെരുവുനായ്ക്കളുടെ ഉപദ്രവവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) തെരുവുനായ്ക്കളെ പിടിക്കുന്നതിനും പ്രത്യേക കേന്ദ്രങ്ങളിൽ പാർപ്പിക്കുന്നതിനും പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ;

(സി) തെരുവുനായ്ക്കളെ പിടിക്കുകയും വന്ധ്യംകരണം നടത്തി വീണ്ടും തെരുവിൽ വിടുകയും ചെയ്യുന്ന ഇപ്പോഴത്തെ നടപടി തെരുവുനായ്ക്കളുടെ എണ്ണം തടയുന്നതിന് പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തെരുവുനായ്ക്കളെ കൊല്ലുന്നത് നിരോധിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധിമൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly